# കൊമ്പൻ തുള്ളുന്നത്

“കൊമ്പൻ തുള്ളിയാൽ മുട്ടോളം. പിന്നെ തുള്ളിയാൽ ചട്ടിയിൽ.” അപരൻെറ കഴിവിന് പരിമിതിയുണ്ടെന്ന് വരുത്തുകയാണ് ഈ ചൊല്ല്.

കഴിഞ്ഞ ആഴ്ചയാണ്, തെക്കെഇന്ത്യയിൽ ഒരിടത്ത് ഒരു നവജാതശിശുവിനെ മാതാപിതാക്കൾ നിഷ്കരുണം കൊന്നുകളഞ്ഞത്. കാര്യമെന്തെന്നല്ലേ, കുഞ്ഞ് മൂത്രമൊഴിക്കാൻ താമസിച്ചു. ഉടനെ വിധി വന്നു, കുഞ്ഞിന് പ്രേതബാധയുണ്ട്. അതിനുള്ള പ്രതിവിധിയായിരുന്നു ആ കൊലപാതകം.

സൂക്ഷിച്ചില്ലെങ്കിൽ തൊണ്ടയിൽ വളരെ വേഗം തറയ്ക്കുന്നതും പഴുക്കാൻ സാധ്യതയുള്ളതുമായ ഒരു മത്സ്യമുള്ളാണ് ഏട്ടമത്സ്യത്തിൻെറത്. അത് തൊണ്ടയിൽ നട്ടാൽ ചികിത്സയായി മന്ത്രവാദം നടത്തുന്ന രീതി നമുക്കിടയിൽ വളരെയേറെയാണ്.

നാമിപ്പോൾ ഒരുപാട് വളർന്നിട്ടുണ്ട്. ശാസ്ത്രീയമായ പുരോഗതിയാണ് ഉദ്ദേശിച്ചത്. ഫാഷനിലും പുരോഗതി തന്നെ. സംസ്കാരം പാടെ മാറ്റി മറിക്കാൻ തന്നെയാണ് പല ചാനലുകളും പുതുതായി രംഗപ്രവേശനം ചെയ്യുന്നത്. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പാട്ട്ചാനലും ചില റേഡിയോകൾ തുടങ്ങിക്കഴിഞ്ഞു. ചിലർക്ക് മൊബൈൽ ബ്ലൂടൂത്ത് ചെവിയിൽനിന്നെടുക്കാനേ നേരം കിട്ടുന്നില്ല. പാട്ട് കേൾക്കണം. ഓഫീസുകളൊക്കെ പാട്ട് തരംഗത്തിൽ. ജോലിക്ക് മാന്ദ്യം.

അക്കാര്യത്തെ വിമർശിക്കാനല്ല ഇതു പറഞ്ഞത്. മനുഷ്യരെ എങ്ങനെയൊക്കെ “നന്നാക്കാൻ” സാധിക്കുമെന്ന ശ്രമങ്ങളിലാണ് റേഡിയോ-ടി.വി. ചാനൽപൈങ്കിളികൾ.

അങ്ങനെയൊക്കെയാണെങ്കിലും അതിനിടയിലും സമൂഹത്തിൽ തഴച്ചുവളരുന്ന ഒരു സാധനമുണ്ട്. അന്ധവിശ്വാസം. എല്ലാ കണക്ക് കൂട്ടലുകളെയും പരിഷ്കരണ ശ്രമങ്ങളെയും തകർത്തെറിഞ്ഞാണ് അതിൻെറ വളർച്ച. അക്ഷരജ്ഞാനമില്ലാത്തവരിലും വിദ്യാസമ്പന്നരിലുമെല്ലാം അത് ഒരുപോലെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

അന്ധവിശ്വാസം ഒരു സമൂഹത്തെ രക്ഷിക്കുകയോ വളർത്തുകയോ അല്ല നശിപ്പിക്കുകയാണ് ചെയ്യുക. ഒരു ജോലിയുമില്ലാത്ത നിരക്ഷരരായ ആളുകൾ ഉപജീവനത്തിനായി കണ്ടെത്തിയ ഈ ക്രൂരവിനോദം മനസ്സുകളെ കീഴടക്കുന്നത് വളരെ വേഗത്തിലാണ്. മനസ്സുകളുടെ വിഹ്വലതയും രക്ഷപ്പെടാനുള്ള ബദ്ധപ്പാടും ആപത്തിലകപ്പെടാതിരിക്കാനുള്ള വെമ്പലുമാണ് അന്ധവിശ്വാസം വ്യാപമാകാൻ കാരണം. അന്ധവിശ്വാസത്തെ എതിർത്തു തോല്പിക്കേണ്ട യുവത പോലും അവയുടെ ആൾരൂപങ്ങളായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. അതിനാലാണ് വ്യാജദൈവങ്ങളും സിദ്ധന്മാരും അവരുടെ മഠങ്ങളും തഴച്ചുവളരുന്നത്.

അതിനാലാണ് നമ്മുടെ പുരോഗതിയെ കൊമ്പൻെറ തുള്ളലിനോട് ഉപമിച്ചത്. എത്ര തന്നെ പുരോഗതി കൈവരിച്ചതായി നാം അഭിമാനിച്ചാലും അതിനെയെല്ലാം നശിപ്പിക്കാൻ പോന്ന രീതിയിലാണ് അന്ധവിശ്വാസ അനാചരാങ്ങൾ നമ്മെ നയിക്കുന്നത്. നമ്മുടെ വിശ്വാസവും ജീവിതത്തിലെ പല കാര്യങ്ങളും അന്ധവിശ്വാസവുമായി കൂടിക്കുഴഞ്ഞു കിടക്കുന്നുണ്ട്. നമുക്കതിൽ പുരോഗതി ലഭിക്കുകയില്ല. ആളുകൾക്കിടയിൽ വെറുപ്പും ഭിന്നിപ്പും ഉണ്ടാക്കാൻ മാത്രമേ അന്ധവിശ്വാസങ്ങൾക്ക് സാധിക്കുകയുള്ളൂ.

സമൂഹത്തെ നശിപ്പിക്കുന്ന അന്ധവിശ്വാസങ്ങളെ അക്കമിട്ട് എണ്ണുക പ്രയാസമാണ്. അതിനെ ശരിയായ വിജ്ഞാനത്തിൻെറയും വിശ്വാസത്തിൻെറയും പിൻബലത്തോടെ നാം കണ്ടെത്തുകയും എതിർത്തു നശിപ്പിക്കുകയും വേണം.